10555
9/5/17

കേരള സർക്കാർ

നം. 6599/സി3/2017/ഐ&പി.ആർ.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (സി)വകുപ്പ്
തിരുവനന്തപുരം, തീയതി 20/04/2017

## ടെണ്ടർ നോട്ടീസ്

2017-18 സാമ്പത്തിക വർഷത്തിൽ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പ്രചരണ സാമഗ്രികൾ, സി.ഡി., കത്തുകൾ മറ്റ് പുസ്തകങ്ങൾ തുടങ്ങിയവ കൊറിയർ വഴി വിവിധ ജില്ലകളിലും, ന്യൂഡൽഹിയിലും, ജില്ലാ ഇൻഫർമേഷൻ ഓഫീസുകളിലും വകുപ്പ് നിർദ്ദേശിക്കുന്ന മറ്റ് സ്ഥലങ്ങളിലും എത്തിക്കുന്നതിന് മത്സര സ്വഭാവമുള്ള മുദ്രവച്ച ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

വർക്ക് ഓർഡർ പ്രകാരമുള്ള പാഴ്സലുകൾ സ്വന്തം ചെലവിൽ വകുപ്പിൽ നിന്നും ശേഖരിച്ച് പായ്ക്ക് ചെയ്ത് കേടുപാടുകൾ കൂടാതെ നിർദ്ദേശിക്കുന്ന സ്ഥലങ്ങളിൽ എത്തിക്കേണ്ടതാണ്.

കേരളത്തിനകത്തുള്ള മേൽവിലാസങ്ങളിൽ ഒരു ദിവസത്തിനുള്ളിലും കേരളത്തിനു പുറത്തുള്ള വിലാസങ്ങളിൽ 4 ദിവസങ്ങൾക്കുള്ളിലും സാധനങ്ങൾ എത്തിക്കേണ്ടതാണ്.

പാഴ്സലുകൾ ബന്ധപ്പെട്ട ഓഫീസിൽ/വ്യക്തികൾക്ക് ലഭിച്ചതു സംബന്ധിച്ച രസീതുകൾ കൂടി ബില്ലിനൊപ്പം ഹാജരാക്കേണ്ടതാണ്.

ചില പ്രത്യേക സാഹചര്യങ്ങളിൽ ന്യൂഡൽഹിയിലും മറ്റും അടിയന്തരമായി പാഴ്സലുകൾ എത്തിക്കേണ്ടതായി വരും അത്തരം സന്ദർഭങ്ങളിൽ by air കൊറിയർ ചെയ്ത് 24 മണിക്കൂറിനകം നിർദ്ദേശിച്ച സ്ഥലത്ത് സാധനങ്ങൾ എത്തിക്കാനുള്ള ബാധ്യത കൊറിയർ സർവ്വീസിന് ഉണ്ടായിരിക്കും. 'By Air' സർവ്വീസിന്റെയും കൈപ്പറ്റ് രസീത് ബില്ലിനോടൊപ്പം ഹാജരാക്കേണ്ടതാണ്.

പാഴ്സലുകൾ, പ്രസിദ്ധീകരണങ്ങൾ മറ്റ് പുസ്തകങ്ങൾ തുടങ്ങിയവ കേരളത്തിനകത്തും പുറത്തും അയയ്ക്കുന്നതിന് ഒരു കിലോയ്ക്ക് എത്ര രൂപ എന്നത് ഓരോ ഇനത്തിനും പ്രത്യേകമായി രേഖപ്പെടുത്തേണ്ടതാണ്. സി.ഡി, കത്ത്, എന്നിവയ്ക്ക് (കേരളത്തിന് അകത്തും പുറത്തും) എത്ര രൂപ എന്നും ഇനം തിരിച്ച് രേഖപ്പെടുത്തേണ്ടതാണ്.

മുമ്പ് കരാർ ലഭിച്ച ശേഷം കരാർ ലംഘനം നടത്തിയ സ്ഥാപനങ്ങളെ പരിഗണിക്കാതിരിക്കാൻ ഡയറക്ടർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

അതുപോലെ കരാർ വ്യവസ്ഥ ലംഘിക്കുന്ന സ്ഥാപനത്തിന്റെ കരാർ റദ്ദാക്കാനുള്ള അധികാരവും ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും.

ക്വട്ടേഷനുകൾ സ്വീകരിക്കുന്നതും റദ്ദാക്കുന്നതും സംബന്ധിച്ച അന്തിമ അധികാരനും വകുപ്പ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും.

ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി : 19/05/2017 ഉച്ചയ്ക്ക് 1 മണിക്ക്
ക്വട്ടേഷൻ തുറക്കുന്ന തീയതി : 19/05/2017 ഉച്ചയ്ക്ക് ശേഷം 3 മണി

മുദ്രവച്ച ക്വട്ടേഷനുകൾ, ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്, സെക്രട്ടറിയേറ്റ്, തിരുവനന്തപുരം എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്.

ഡോ. കെ. അമ്പാടി
ഡയറക്ടർ